II ഇ.ബി. XIII കേരള നിയമസഭ/V-24

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

**2012 ജൂലൈ 17, ചൊവ്വ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**82 (*721) ലൈബ്രറി സെസ്സ്**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, കേരള ഡീസെൻട്രലൈസേഷൻ ആക്ട് അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന 5% ലൈബ്രറി സെസ്സ് ഏപ്രിൽ, നവംബർ മാസങ്ങളിൽ രണ്ട് തവണകളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കൈമാറണമെന്ന് 20-09-2005-ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പിരിച്ചെടുക്കുന്ന തുകയുടെ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ രജിസ്റ്റർ ഓഫ് റസീറ്റ്സിൽ ചേർക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ലൈബ്രറി സെസ്സ് ഒടുക്കുന്നതിൽ വീഴ്ചവരുത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2011-12 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ടിൽനിന്നും സെസ്സ് കുടിശ്ശിക കുറവുചെയ്ത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകാൻ

ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാരെ 19-03-2011-ലെ ഉത്തരവുപ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക വരുത്തുന്ന പഞ്ചായത്തുകളിൽനിന്നും 2% പലിശ ഈടാക്കുന്നതും ഇതിൽ പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും ജോയിന്റ് ലയബിലിറ്റിയുണ്ടായിരിക്കുന്നതുമാണ്. ഉത്തരവുകൾ കൃത്യമായി പാലിക്കാതെ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ലൈബ്രറി സെസ്സ് ആഡിറ്റിംഗിന് വിധേയമാക്കുന്നതാണെന്നും ലൈബ്രറി കൗൺസിൽ നൽകുന്ന ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ലൈബ്രറികൾക്ക് തീരുമാനമെടുക്കാവുന്നതാണെന്നും ഗ്രാമീണ ഗ്രന്ഥശാലകളെ നിലനിർത്തുന്നതോടൊപ്പം ആധുനിക സാങ്കേതികവിദ്യകൂടി സമന്വയിപ്പിക്കുന്നതു സംബന്ധിച്ച് ആലോചിച്ചുവരികയാണെന്നും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സാംസ്കാരിക സ്ഥാപനങ്ങളോടനുബന്ധിച്ച ഗ്രന്ഥശാലകൾ നവീകരിക്കുന്നതിനെക്കുറിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**83 (*722) <u>അജ്ഞാതരോഗ ബാധിതർക്ക് സഹായം</u>**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അജ്ഞാതരോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശം വിദഗ്ദ്ധ മെഡിക്കൽ സംഘം സന്ദർശിച്ച് ശേഖരിക്കുന്ന സാമ്പിളുകൾ ലബോറട്ടറികളിലയച്ച് രോഗനിർണ്ണയം നടത്തി ചികിത്സ ലഭ്യമാക്കുകയും രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖന നടത്തുന്ന 'താലോലം' പദ്ധതി പ്രകാരം അജ്ഞാത രോഗബാധിതരായ കുട്ടികൾക്ക്

സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് ആശുപത്രി സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപൂർവ്വ രോഗബാധിതരായ കുട്ടികൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. ക്യാൻസർ സുരക്ഷ, താലോലം എന്നീ പദ്ധതികളിലൂടെ സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന പതിനെട്ട് വയസ്സിനുതാഴെയുള്ള എല്ലാ കുട്ടികൾക്കും സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. മൊബൈൽ ക്ലിനിക്കുകൾ ഉപയോഗപ്പെടുത്തി അഗതി/അനാഥ മന്ദിരങ്ങളിലെ രോഗ ബാധിതരെ ആശുപത്രികളിലെത്തിച്ച് താലോലം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. വീടുകളിൽ തളർന്നു കിടക്കുന്നവരെ ചികിത്സിക്കുന്നതിന് നടപടി സ്വീകരിക്കുകയും ഇവരെ പരിചരിക്കുന്നവർക്ക് 'ആശ്വാസ കിരണം' പദ്ധതി പ്രകാരം 400 രൂപ പ്രതിമാസ പെൻഷൻ നൽകുകയും ചെയ്യുന്നുണ്ട്. ദീർഘകാല ചികിത്സ ആവശ്യമായ രോഗങ്ങൾ ബാധിച്ചവരെ സഹായിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ 'പേമെന്റ് ഗേറ്റ് വേ' സിസ്റ്റത്തിലൂടെ പണം സ്വരൂപിക്കുന്നുണ്ടെന്നും ഇവർക്കായി പ്രതിമാസ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും പുതുക്കിയ പൊതുജനാരോഗ്യ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നത് ആരോഗ്യവകുപ്പിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. 'കോംപ്രിഹെൻസീവ് ഹെൽത്ത് സ്കീം ഫോർ ട്രൈബൽസ്' പദ്ധതി പ്രകാരം സിക്കിൾസെൽ അനീമിയ ബാധിതരായ ആദിവാസികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ടെന്നും സുരക്ഷാ പദ്ധതികളിൽപ്പെടാത്ത അജ്ഞാതരോഗ ബാധിതരെ സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു

വരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സിക്കിൾസെൽ അനീമിയ ബാധിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആയിരം രൂപ പ്രതിമാസ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി അറിയിച്ചു.

**84 (*723) <u>സ്റ്റേഷനറി സാധനങ്ങൾ</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) നൽകിയ മറുപടിയിൽ, സ്റ്റേഷനറി വകുപ്പ് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്ഥാപനങ്ങളിൽ നിന്ന് സ്റ്റേഷനറി സാധനങ്ങൾ സംഭരിക്കുന്നുണ്ടെന്നും ഗുണനിലവാരമുള്ള സ്റ്റേഷനറി സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. ദർഘാസ് ക്ഷണിച്ച് സാധനങ്ങൾ വാങ്ങുന്നതുകൊണ്ടും നിലവിലുള്ള വാങ്ങൽ നിയമങ്ങൾ പ്രകാരവും സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ മാത്രമേ വാങ്ങുകയുള്ളൂവെന്ന തീരുമാനമെടുക്കാൻ സാധിക്കുകയില്ല. സ്റ്റേഷനറി സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പേപ്പർലെസ് ഓഫീസ് സംവിധാനത്തെപ്പറ്റി ആലോചിക്കാവുന്നതാണ്. അച്ചടിശാലകളിൽ നിന്നും അച്ചടി കഴിഞ്ഞ സാധനങ്ങൾ കൃത്യസമയത്തുതന്നെ കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**85(*724) <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) നൽകിയ മറുപടിയിൽ, കൂടുതൽ

തൊഴിൽ ഇനങ്ങൾ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതി മുഖേനയുള്ള തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെന്നും ക്ഷീരവ്യവസായം ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നീർത്തടാധിഷ്ഠിത പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. രാജീവ് ഗാന്ധി വിശ്രമ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്ഷം രൂപയും 25 ലക്ഷം രൂപയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 725 മുതൽ 750 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 7338 മുതൽ 7598 വരെയുള്ള ചോദ്യങ്ങളിൽ 59 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * * * * * * *